**Athmaraksha.org**

പാപ്പ ലോകത്തിനു നൽകുന്ന സന്ദേശം

## ഞാനും കുടിയേറ്റ സന്തതി : ഫ്രാൻസിസ് മാർപാപ്പ



വാഷിങ്ടൺ- യു.എസ് കോൺഗ്രസിനെ അഭിസംബോധന ചെയ്യാനെത്തിയ ഫ്രാൻസി സ് മാർപാപ്പയെ കൈയ്യടിയോടെ വരവേൽക്കുന്ന കോൺഗ്രസ് അംഗങ്ങൾ.

വാഷിങ്ടൺ: യൂറോപ്പിലേക്ക് അഭയാർത്ഥിപ്രവാഹം തുടരുന്നതിനിടെ യു. എസി ലെ കുടിയേറ്റവിരുദ്ധമനോഭാവത്തിനെതിരെ യു.എസ് കോൺഗ്രസിൽ ഫ്രാൻസിസ് മാർപാപ്പയുടെ ആഹ്വാനം. പോയകാലത്തിന്റെ പാപങ്ങളും തെറ്റുകളും ആവർത്തിക്കരുതെന്നും അഭയാർത്ഥികളോടു കാരുണ്യം കാട്ടണമെന്നുമാണ പാപ്പാ ആവശ്യപ്പെട്ടത്. ആദ്യമായിട്ടാണ് ഒരു മാർപാപ്പ യു എസ് കോൺഗ്രസ്സിനെ അഭിസംബോധന ചെയ്യുന്നത്.

കുടിയേറ്റക്കാരുടെ സന്തതിയെന്നു സ്വയം വിശേഷിപ്പിച്ചുകൊണ്ടായിരുന്നു മാർപാപ്പ കുടിയേറ്റപ്രശ്നത്തെക്കുറിച്ചു സംസാരിച്ചത്. കഴിഞ്ഞ നൂറ്റാണ്ടിൽ ഇറ്റലിയിൽ നിന്ന് അർജന്റീനയിൽ കുടിയേറിപ്പാർത്തവരായിരുന്നു ഫ്രാൻസിസ് മാർപാപ്പയുടെ മാതാപിതാക്കൾ."അഭയാർത്ഥികളോടു മാനുഷികപരിഗണനയും സാഹോദര്യവും നീതിയും പുലർത്തണം. ശത്രുതാമനോഭാവം മാറ്റണം." മാർപാപ്പ അഭ്യർത്ഥിച്ചു.

അഭയാർത്ഥികളെയും വ്യക്തികളായി കാണണം. വധശിക്ഷ ലോകവ്യാപകമായി ഒഴിവാക്കണമെന്നും മനുഷ്യജീവൻ അതിന്റെ ഓരോ ഘട്ടത്തിലും നമ്മൾ സംരക്ഷിക്കണമെന്നും മാർപാപ്പ പറഞ്ഞു.

വൈറ്റ് ഹൗസിലേക്കു തിരഞ്ഞെടുക്കപ്പെട്ടാൽ ഒരു കോടിയിലേറെ വരുന്ന അനധികൃത കുടിയേറ്റക്കാരെയെല്ലാം യു.എസിൽനിന്നു നാടുകടത്തുമെന്ന പ്രസിഡന്റ് തിരഞ്ഞെടുപ്പിനുള്ള പ്രമുഖ റിപ്പബ്ലിക്കൻ സ്ഥാനാർത്ഥി ഡൊണാൾഡ് ട്രംപിന്റെ പ്രഖ്യാപനത്തിന്റെയും മറ്റും പശ്ചാത്തലത്തിലാണ മാർപാപ്പയുടെ സ്നേഹവചസ്സുകൾ.